"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - അനധികൃത കരിങ്കല്ല് ഖനനം - മലപ്പുറം ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക തവണകളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ.മുസ്തഫ, S/o കാരോളി ഹൈദ്ര, കുട്ടിലങ്ങാടി, പെരിന്തൽമണ്ണ സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.467/2024/ID തീയതി,തിരുവനന്തപുരം, 15-06-2024

---

പരാമർശം:-
1. മലപ്പുറം ജില്ലാ ജിയോളജിസ്റ്റിന്റെ17.01.2024 തീയതിയിലെ 164/2023-24/ജിഎസ്/ഡിഎം/എം-291/2023 നമ്പർ നടപടിക്രമം.
2. ശ്രീ.മുസ്തഫ, S/o കാരോളി ഹൈദ്ര, കുട്ടിലങ്ങാടി, പെരിന്തൽമണ്ണ 30.01.2024 തീയതിയിൽ സമർപ്പിച്ച അപേക്ഷ
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 13.03.2024 തീയതിയിലെ ഡിഎംജി/325/2024-എം2 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ തൃക്കലങ്ങോട് വില്ലേജിൽ ബ്ലോക്ക് നം.62 ൽ റീ സർവ്വേ നം.280/4 ൽപ്പെട്ട 0.8752 ഹെക്ടർ സ്ഥലത്തു നിന്നും 43,469 മെ.ടൺ കരിങ്കല്ല് ഖനനം ചെയ്യുന്നതിന് ശ്രീ.മുസ്തഫ, S/o കാരോളി ഹൈദ്ര, കുട്ടിലങ്ങാടി, പെരിന്തൽമണ്ണ എന്ന വ്യക്തിക്ക് അനുവദിച്ചിരുന്ന ക്വാറിയിംഗ് പെർമിറ്റിന്റെ കാലാവധി 23.01.2023 ന് അവസാനിച്ചതിനെ തുടർന്ന് ഖനനാനുമതി പുതുക്കി നൽകുന്നതിനായി ശ്രീ.മുസ്തഫ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് മലപ്പുറം ജിയോളജി ഓഫീസിൽ നിന്നും സ്ഥലപരിശോധന നടത്തുകയും, അനധികൃതമായി ഖനനം ചെയ്ത് നീക്കിയതായി കണ്ടെത്തിയ അളവിന് പിഴ ഈടാക്കി കുറ്റം രാജിയാക്കുകയും 43,469 മെ.ടൺ കരിങ്കല്ല് ഖനനം ചെയ്യുന്നതിനായി 12.03.2024 വരെ കാലാവധിയിൽ ക്വാറിയിംഗ് പെർമിറ്റ് പുതുക്കി നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി പ്രദേശത്തെ അനധികൃത ഖനനത്തിനെതിരെ പ്രദേശവാസികൾ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് അധികൃതരുമൊത്ത് മലപ്പുറം ജില്ലാ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ മൈനിംഗ് പ്ലാൻ പ്രകാരമുള്ള ബെഞ്ചുകൾ രൂപീകരിക്കാതെ ബ്ലോക്ക്ഡ് റിസർവ് ഖനനം ചെയ്തിട്ടുള്ളതായും കണ്ടെത്തിയതിനെ തുടർന്ന് ക്വാറിക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും, താലൂക്ക് സർവ്വേയറുടെ സേവനത്താൽ നടത്തിയ പരിശോധനയിൽ പെർമിറ്റ് അനുവദിച്ച സ്ഥലത്തിനകത്തു നിന്നും അധികമായും, ബഫർ സോണിൽ നിന്നും, പെർമിറ്റ് അനുവദിച്ച ഏരിയയ്ക്ക് പുറത്ത് നിന്നും അനധികൃതമായി 67,541.25 മെ.ടൺ കരിങ്കല്ല് ഖനനം ചെയ്ത് നീക്കിയതായി കണ്ടെത്തിയതിനെ തുടർന്ന് ആയതിന് റോയൽറ്റി, വില, കോംപൗണ്ടിംഗ് ഫീസിനത്തിൽ ആകെ 1,67,09,900/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് മലപ്പുറം ജിയോളജിസ്റ്റ് 17.01.2024 തീയതിയിൽ പരാമർശം (1)

പ്രകാരമുള്ള നടപടിക്രമം പുറപ്പെടുവിച്ചിരുന്നു.

2. ഉദ്യോഗസ്ഥരുടെ പരിശോധനയെ തുടർന്ന് തന്റെ ക്വാറിക്ക് സ്റ്റോപ്പ് മെമ്മോ നൽകി നിർത്തി വയ്പ്പിച്ചിരിക്കുകയാണെന്നും, ക്വാറി നടത്തിപ്പിനായി ലോണെടുത്താണ് മെഷിനറികൾ, വാഹനങ്ങൾ എന്നിവ വാങ്ങിയതെന്നും, ക്വാറി നിർത്തിവയ്പ്പിച്ചതിനെ തുടർന്ന് വായ്പാതിരിച്ചടവ് മുടങ്ങിയിരിക്കുകയാണെന്നും, താനും, തൊഴിലാളികളും ബുദ്ധിമുട്ടിലാണെന്നും, ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ഒരുമിച്ച് അടയ്ക്കുന്നതിന് തനിക്ക് സാധിക്കില്ലായെന്നും, ആയതിനാൽ ടി തുക പരമാവധി ഗഡുക്കളായി അനുവദിച്ച് തരണമെന്നും, ആദ്യ ഗഡു ഒടുക്കുന്ന മുറയ്ക്ക് തന്നെ തന്റെയും, നൽപ്പതോളം വരുന്ന തൊഴിലാളി കുടുംബങ്ങളുടെയും ജീവിത മാർഗ്ഗത്തിനായി ക്വാറി തുറന്നു തരണമെന്നും ആവശ്യപ്പെട്ട് ശ്രീ.മുസ്തഫ പരാമർശം (2) പ്രകാരം ഒരു ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

3. അപേക്ഷ സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പെർമിറ്റ് അനുവദിച്ച സ്ഥലത്തെ കരിങ്കല്ല് ഖനനംമൂലം വളരെയധികം ബുദ്ധിമുട്ടുള്ളതായി കാണിച്ച് പ്രദേശവാസികൾ മലപ്പുറം ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി മുമ്പാകെയും മൈനിംഗ് & ജിയോളജി വകുപ്പിന്റെ മലപ്പുറം ജില്ലാ ഓഫീസിലും പരാതികൾ സമർപ്പിക്കുകയുണ്ടായി. ടി ക്വാറി ചുറ്റുപാടുമുള്ള വീടുകൾക്കും മറ്റും പ്രയാസം സൃഷ്ടിക്കുന്നതായി അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞതായും ടി ക്വാറിയിലെ ഖനനംമൂലം സമീപവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായും ബോധ്യപ്പെട്ടതായി പഞ്ചായത്ത് അറിയിക്കുകയും ലൈസൻസ് പ്രകാരമാണോ ക്വാറി പ്രവർത്തിക്കുന്നതെന്നും നിയമ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്നും പരിശോധിക്കണമെന്ന് 04.08.2023 തീയതിയിലെ കത്ത് പ്രകാരം തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് അറിയിച്ചിരുന്നു. തുടർന്ന് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം പഞ്ചായത്ത് അധികൃതരുമൊത്ത് ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ മൈനിംഗ് പ്ലാനിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഖനനം ചെയ്യുന്നതായി ബോധ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്വാറി ഉടമയ്ക്ക് നിറുത്തൽ ഉത്തരവ് നൽകുകയും ടി ക്വാറി അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വെയറുടെ സേവനം ലഭ്യമാക്കുന്നതിനായി ഏറനാട് തഹസിൽദാർക്ക് കത്ത് നൽകുകയുമുണ്ടായി. മേപ്പടി ക്വാറി അളന്ന് തിട്ടപ്പെടുത്തി താലൂക്ക് സർവ്വെയർ തയ്യാറാക്കിയ സർവ്വെ സ്കെച്ചിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം ജില്ലാ ഓഫീസിൽ നിന്നും പരിശോധിക്കുകയും 67,541.25 മെ.ടൺ കരിങ്കല്ലിന്റെ റോയൽറ്റി, വില, പിഴ എന്നിവ ചേർത്ത് 1,67,09,900/- രൂപ സർക്കാരിലേക്ക് ഈടാക്കുന്നതിനായി ക്വാറി ഉടമയ്ക്ക് ജില്ലാ ഓഫീസിൽ നിന്നും ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. ടി ഡിമാന്റ് തുക തവണകളാക്കുന്നതിനായാണ് ടിയാൻ ഹർജി സമർപ്പിച്ചിരിക്കുന്നത്. ടി തുക തവണകളാക്കി സർക്കാരിലേക്ക് ഈടാക്കുന്നതിന് അനുമതി നൽകാവുന്നതും ഡിമാന്റിൽ പരാമർശിച്ച തുക മുഴുവനായി ഒടുക്കിയതിനുശേഷം പ്രസ്തുത ക്വാറിക്ക് തുടർന്ന് പ്രവർത്തനാനുമതി നൽകുന്ന കാര്യം ചട്ടങ്ങൾ പ്രകാരം പരിഗണിക്കാവുന്നതാണെന്നും അറിയിക്കുന്നു.

4. തന്റെ ഇപ്പോഴത്തെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക തവണകളായി ഒടുക്കുന്നതിന് അനുമതി നൽകണമെന്ന അപേക്ഷകന്റെ അഭ്യർത്ഥന പരിഗണിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും,

2023 ലെ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 115 പ്രകാരവും അനധികൃത കരിങ്കല്ല് ഖനനത്തിന് പരാമർശം (1) നോട്ടീസ് പ്രകാരം മലപ്പുറം ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുകയുടെ 25% ആദ്യ ഗഡുവായും ബാക്കി തുക തുടർന്നുള്ള 4 തുല്യ മാസ ഗഡുക്കളായും ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിന് ഏതെങ്കിലും തരത്തിൽ വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് ലഭ്യമാകുന്ന അവസരം നഷ്ടപ്പെടുമെന്നും മുഴുവൻ തുകയും ഒരുമിച്ച് ഒടുക്കിയാൽ മാത്രമേ ക്വാറിയുടെ പ്രവർത്തനം പുനരാരംഭിക്കുവാൻ അനുമതി ലഭിക്കൂ എന്ന വ്യവസ്ഥയിൽ, അപേക്ഷകന് അനുമതി നൽകിക്കൊണ്ടും, മേൽ സൂചിപ്പിച്ച 1-ാം ഗഡു തുക ഒടുക്കുന്ന മുറയ്ക്ക് പരിശോധിച്ച് മറ്റ് തരത്തിൽ യോഗ്യമാണെങ്കിൽ നിയമാനുസൃത വ്യവസ്ഥകൾക്കു വിധേയമായി ക്വാറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് മലപ്പുറം ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.മുസ്തഫ, S/o കാരോളി ഹൈദ്രു, കുട്ടിലങ്ങാടി, പെരിന്തൽമണ്ണ, മലപ്പുറം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

Signed by
Sachin V R
Date: 15-06-2024 14:47:31